**ഭരണഭാഷ- മാതൃഭാഷ**

**സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ്**
ഡയറക്ടറേറ്റ്, വികാസ് ഭവൻ, തിരുവനന്തപുരം - 695033
ഫോൺ/ഫാക്സ് : 0471-2305318/0471-2305317
ഇ-മെയിൽ: ecostatdir@gmail.com
Website: www.ecostat.kerala.gov.in

**നം: ഡിഇഎസ്/5256/2024/ജി** **തീയതി: 01-01-2025**

---

**സർക്കുലർ**

വിഷയം :- ഡിഇഎസ്-ജനറൽ -ജീവനക്കാരുടെ 2024 കലണ്ടർ വർഷത്തെ പ്രതിവർഷ സ്വത്തു വിവര പട്ടിക സ്പാർക് സോഫ്റ്റ്‌വെയർ മുഖേന സമർപ്പിക്കുന്നത് സംബന്ധിച്ച്.

സൂചന :- ഉദ്യോഗസ്ഥ പരിഷ്കാര (ഉപദേശ സി) വകുപ്പിന്റെ 10 -12 -2024 ലെ ഉപസി 1/167 / 2024 ഉഭപവാ നമ്പർ സർക്കുലർ.

സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പിലെ ഉദ്യോഗസ്ഥർ (പാർട്ട് ടൈം ജീവനക്കാരൊഴികെ) 2024 കലണ്ടർ വർഷത്തെ പ്രതിവർഷ സ്വത്തു വിവര പട്ടിക (Annual property returns) സ്പാർക് സോഫ്റ്റ്‌വെയർ മുഖേന ഓൺലൈൻ ആയി 2025 ജനുവരി 15 നകം വകുപ്പ മേധാവിക്ക് (Appointing Authority) ക്ക് സമർപ്പിക്കേണ്ടതാണ്. എല്ലാ നിയന്ത്രണാധികാരികളും ടി വിവരം ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ശ്രദ്ധയിൽ പെടുത്തേണ്ടതാണ്.

ഇതര വകുപ്പിൽ സേവനമനുഷ്ഠിക്കുന്ന വകുപ്പിലെ ഉദ്യോഗസ്ഥർ ബന്ധപ്പെട്ട ഓഫീസിലെ **(DDO/Establishment ലോഗിൻ ഉപയോഗിച്ച്** Service matters>Personal Details>Present Service Details ലെ Parent department എന്നത് "Economics and Statistics Department എന്ന് അപ്ഡേറ്റ് ചെയ്തു വാർഷിക സ്വത്തു വിവര പട്ടിക വകുപ്പ് മേധാവിക്ക് **(Appointing Authority)** ക്ക് സമർപ്പിക്കേണ്ടതാണെന്ന വിവരം അറിയിക്കുന്നു. ഇതര വകുപ്പിൽ സേവനമനുഷ്ഠിക്കുന്ന ഉദ്യോഗസ്ഥർ പ്രതിവർഷ വാർഷിക സ്വത്തു വിവര പട്ടിക സ്പാർക് വഴി സമർപ്പിക്കുവാൻ ടി നിർദ്ദേശം പാലിക്കേണ്ടതാണ്.

വാർഷിക സ്വത്തു വിവരപത്രിക യഥാസമയം സമർപ്പിക്കുന്നതിൽ വീഴ്ച വരുത്തുന്ന ജീവനക്കാർക്കെതിരെ ശിക്ഷണ നടപടികൾ സ്വീകരിക്കുന്നതാണെന്നും അത്തരം ജീവനക്കാരെ സ്ഥാന കയറ്റം, സ്ഥലംമാറ്റം എന്നിവക്ക് പരിഗണിക്കുന്നതല്ല എന്നും സർക്കാർ നിർദ്ദേശം ഉള്ളതിനാൽ ഈ വിഷയം നിയന്ത്രണാധികാരികൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ശ്രദ്ധയിൽ കൊണ്ടുവന്ന് ആവശ്യമായ തുടർ നടപടികൾ കൈക്കൊള്ളേണ്ടതാണ്.

DIRECTOR

Signed by
Sreekumar B
Date: 01-01-2025 14:45:48

പകർപ്പ് : - ഡയറക്ടർ / അഡിഷണൽ ഡയറക്ടർ/സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ എന്നിവരുടെ സി എ
എല്ലാ സെക്ഷൻ മേധാവികൾക്കും
എല്ലാ ജില്ലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും (ജില്ലാ തലത്തിൽ ഇതര വകുപ്പുകളിൽ സേവനമുഷ്ഠിക്കുന്ന സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പിലെ ഉദ്യോഗസ്ഥരുടെ ശ്രദ്ധയിൽ പെടുത്തേണ്ടതാണ് )
ഡെപ്യൂട്ടി ഡയറക്ടർ കമ്പ്യൂട്ടർ വിഭാഗം (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
നോട്ടീസ് ബോർഡ്